**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3686** **02-03-2023 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിലെ ഐ.ടി. വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിൽ ഐ.ടി. വിഭാഗം രൂപീകരിച്ച് വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; നിലവിൽ മോട്ടോർ വാഹന വകുപ്പിലെ ഐ.ടി. സംബന്ധമായ വിഷയങ്ങൾ പരിശോധിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി വെർച്വൽ ഐ.ടി. കേഡർ ആയി എത്ര ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്; അവരുടെ പേരും, യോഗ്യതയും, നിലവിലെ തസ്തികയും വ്യക്തമാക്കുമോ; | (എ) | പരിഗണനയിലാണ്.<br><br>21.01.2015 തീയതിയിലെ സ.ഉ.(സാധാ)നം.5/2015/ ഐ.റ്റി.ഡി, സർക്കാർ ഉത്തരവ് പ്രകാരം മോട്ടോർ വാഹന വകുപ്പിൽ 11.11.2015-ൽ വെർച്വൽ ഐ.ടി കേഡർ രൂപീകൃതമായിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പറയുന്ന പ്രകാരം ഐ.ടി-യിൽ പ്രാവീണ്യവും, അഭിരുചിയുമുള്ള 69 ഉദ്യോഗസ്ഥരാണ് നിലവിലുള്ളത്. ഉദ്യോഗസ്ഥരുടെ പേര്, തസ്തിക എന്നീ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |
| (ബി) | മോട്ടോർ വാഹന വകുപ്പിൽ ഫെസിലിറ്റി മാനേജ്മെൻറ് സിസ്റ്റം മോണിറ്റർ ചെയ്യാൻ വേണ്ടി സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ സോഫ്റ്റ്‌വെയറിന്റെ സ്ഥിതി എന്താണെന്നും അതിനായി എത്ര രൂപ ചെലവായിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) | കേരള സ്റ്റേറ്റ് ഐ.ടി മിഷനുമായി ചേർന്ന് ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് ഒരു ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ ആയതിനാൽ ഫണ്ട് ആവശ്യമില്ല. |
| (സി) | വർക്കിംഗ് അറേഞ്ച്മെൻറ് സർക്കാർ നിർത്തലാക്കിയിട്ടും വകുപ്പുതല നടപടി നേരിട്ട ഉദ്യോഗസ്ഥനെ ആലപ്പുഴ നിന്നും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലേക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ പെട്ടെന്ന് മാറ്റാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; ഈ ഉദ്യോഗസ്ഥനെതിരെ അന്വേഷണത്തിന് നേരത്തേ ശിപാർശയുണ്ടായിരുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (സി) | ആലപ്പുഴ ജില്ലയിൽ നിന്നും 4 ഉദ്യോഗസ്ഥരെ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്.<br><br>1. ശ്രീ. രാജേഷ് കുമാർ വില്യംസ്, ഹെഡ് അക്കൗണ്ടന്റിനെ 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിനായി ആലപ്പുഴ ആർ.ടി ഓഫീസിൽ നിന്നും 28.11.2022 മുതൽ 31.03.2023 വരെയുള്ള കാലയളവിലേക്ക് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. ടിയാനെതിരെ വകുപ്പ്തല നടപടികൾ ഇല്ല. |

2. ശ്രീ. അജീഷ് പി. എ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറെ, ആലപ്പുഴ (എൻഫോഴ്സ്മെന്റ്) ആർ.ടി ഓഫീസിൽ നിന്നും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. ടിയാൻ 2023-ൽ ഒരു കേസുപോലും തയ്യാറാക്കാതിരിക്കുകയും അനധികൃതമായി ജോലിയിൽ ഹാജരാകാതിരിക്കുകയും ചെയ്യുന്നു എന്ന എൻഫോഴ്സമെന്റ് ആർ.ടി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ടിയാനെ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുള്ളത്.

അനധികൃതമായി ഡ്യൂട്ടിക്ക് ഹാജരാകാത്തതിനാൽ ടിയാനെ 02.11.2021-ലെ ജി2/71/2021/റ്റി.സി നമ്പർ ഉത്തരവ് പ്രകാരം സർവീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും 24.01.2022 തീയതിയിലെ ഉത്തരവ് പ്രകാരം സർവീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 26.11.2021-ലെ ജി2/71/2021/റ്റി.സി നമ്പർ കുറ്റാരോപണ മെമ്മോയും ആരോപണ പത്രികയും നൽകി ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, 16.03.2022 തീയതിയായ ജി2/71/2021-റ്റി.സി നമ്പർ ഉത്തരവ് പ്രകാരം 'സെൻഷ്വർ' നൽകി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

3. ആലപ്പുഴ എൻഫോഴ്സ്മെന്റ് ആർ.ടി ഓഫീസിലെ ശ്രീ. രവീഷ് ആർ, എം.വി.ഐ 22.01.2023-ൽ ഒരു കേസ് പോലും തയ്യാറാക്കാതിരിക്കുകയും അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ സേവനമനുഷ്ഠിക്കുന്ന അവസരത്തിൽ, ട്രാൻസ്പോർട്ട് കമ്മീഷണർ ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ നടത്തിയ പരിശോധനയിൽ, വാഹന ഉടമകളിൽ നിന്നും ഈടാക്കിയ തുകയുടെ കളക്ഷൻ സ്റ്റേറ്റ്മെന്റിൽ 73,050/- രൂപയും, തുക എണ്ണിത്തിട്ടപ്പെടുത്തിയതിൽ 1,020/- രൂപ കുറവുള്ളതായി കണ്ടെത്തിയതിൽ ചട്ടപ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും, 08.04.2021 തീയതിയായ ജി3/10/2020-റ്റി.സി നമ്പർ ഉത്തരവ് പ്രകാരം 'Warning' നൽകി തീർപ്പാക്കിയിട്ടുള്ളതുമാകുന്നു.

4. ആലപ്പുഴ എൻഫോഴ്സ്മെന്റ് ആർ.ടി ഓഫീസിലെ ശ്രീ. സുനിൽ എസ്., എം.വി.ഐ-യെ Plan Fund, Vehicle Scrap Policy എന്നീ പ്രോജക്ടുകൾ വിജയകരമായി പൂർത്തിയാക്കുന്നതിനായി

| | | | |
|---|---|---|---|
| | | | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. ടിയാനെതിരെ വകുപ്പ്തല നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | വകുപ്പിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് മാത്രമായി ഒരു സ്ക്രാപ്പ് പോളിസി നിലവിലുണ്ടോ; ഇത്തരം ഉപകരണങ്ങൾ സ്ക്രാപ്പ് ചെയ്യുന്നതുമായി ബന്ധപ്പെട്ട 01.10.2021-ലെ സർക്കാർ ഉത്തരവ് 'ജി.ഒ.(എം.എസ്)നം. 30/2021/ഐ.റ്റി.ഡി' മോട്ടോർ വാഹന വകുപ്പിനും ബാധകമാണോ; വിശദമാക്കുമോ? | (ഡി) | മോട്ടോർ വാഹന വകുപ്പിന് മാത്രമായി സ്ക്രാപ്പ് പോളിസി നിലവിലില്ല. 01.10.2021-ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ)നം.30/2021/ഐ.റ്റി.ഡി മോട്ടോർ വാഹന വകുപ്പിന് ബാധകമാണ്. ടി ഉത്തരവിൽ ഉപകരണങ്ങൾ സ്ക്രാപ്പ് ചെയ്യുന്നതിനുള്ള മിനിമം കാലാവധി മാത്രമാണ് പറയുന്നത്. 10.04.2015-ലെ സ.ഉ.(സാധാ)നം.186/2015/ ഗതാ നമ്പർ ഉത്തരവ് പ്രകാരം മോട്ടോർ വാഹന വകുപ്പിൽ, 2018 ഫെബ്രുവരി 1 മുതൽ സി-ഡിറ്റിനാണ് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ Annual Maintenance Contract (AMC) നൽകിയിട്ടുള്ളത്. ഇതിനായി AMC ഇനത്തിൽ തുക നൽകി വരുന്നു. അതിനാൽ തന്നെ കമ്പ്യൂട്ടർ ഉപകരണങ്ങളുടെ പരിപാലനവും മേൽനോട്ടവും സി-ഡിറ്റിന്റെ ഉത്തരവാദിത്വമാണ്. പ്രസ്തുത കരാർ പ്രകാരം സി-ഡിറ്റ് റിപ്പയർ ചെയ്യാനാകില്ല എന്ന് റിപ്പോർട്ട് ചെയ്യുന്ന ഉപകരണങ്ങൾക്ക് പകരം പുതിയവ വാങ്ങുന്നത് വകുപ്പ് തലത്തിലാണ്. |

സെക്ഷൻ ഓഫീസർ